മെട്രോ വാർത്ത

30 November 2017

# സിഎംഎഫ്ആർഐയുടെ വിന്റർ സ്കൂൾ നാളെ തുടങ്ങും

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തുന്ന വിന്റർ സ്കൂൾ നാളെ തുടങ്ങും. ഉപഗ്രഹ സാങ്കേതികവിദ്യ മത്സ്യമേഖലയുടെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായാണ് 21 ദിവസം നീണ്ടു നിൽക്കുന്ന വിന്റർ സ്കൂൾ സിഎംഎഫ്ആർഐയിൽ നടക്കുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ഗവേഷകരും അധ്യാപകരുമായ 25 പേർക്കാണ് സിഎംഎഫ്ആർഐ പരിശീലനം നൽകുന്നത്.

ഉപഗ്രഹങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഉപയോഗപ്പെടുത്തി മത്സ്യമേഖലയിൽ വൻ മുന്നേറ്റം സൃഷ്ടിക്കാനുള്ള സിഎംഎഫ്ആർഐയുടെ ശ്രമങ്ങളുടെ ഭാഗമായാണ് വിന്റർ സ്കൂൾ നടത്തുന്നത്. ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ (ഐസിഎആർ) സാമ്പത്തികസഹായത്തോടെയാണ് പരിപാടി.

ഉപഗ്രഹ-റിമോട്ട്സെൻസിങ് വിവരങ്ങൾ മത്സ്യമേഖലയിൽ ഉപയോഗിക്കുന്നതിനെ കുറിച്ച് വിന്റെർ സ്കൂളിൽ പ്രായോഗിക പരിശീലനം നൽകും. പരിസ്ഥിതിക്ക് പ്രാധാന്യം നൽകി സമുദ്രവിഭവങ്ങൾ സംരക്ഷിക്കുന്നതിനായി ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ യുവഗവേഷകരെ പരിചയപ്പെടുത്തും. മറൈൻ ഒപ്റ്റിക്സ്, വിവിധ പരിസ്ഥിതി സൗഹൃദ മോഡലിങ്ങുകൾ തുടങ്ങിയ മേഖലകളിലും പരിശീലനം നൽകും.